# നിസ്വനായ പക്ഷി ( ശ്രീ ജോസഫ് നമ്പിമഠത്തിന്റെ കവിതാസമാഹരം) ഒരു പഠനം (രണ്ടാം ഭാഗം)

**സുധീർ പണിക്കവീട്ടിൽ**



സംഘർഷഭരിതമായ രണ്ട് പരിപ്രേക്ഷ്യങ്ങൾ (Conflicting perspectives) സങ്കലനം ചെയ്ത്കൊണ്ട് കവികൾ അവരുടെ കവിതകളെ ശക്തവും ആലോചാനാത്മകവുമാക്കാറുണ്ട്. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ജീവിതത്തിൽ സംഘർഷമുണ്ടാക്കുന്നു. സമാജശാസ്ത്ര്ജ്ഞന്മാർ ഈ തത്വമുപയോഗിച്ചാണു് സമൂഹത്തിലെ ഘടനകളേയും ചരിത്രത്തേയും വിലയിരുത്തുന്നത്. സ്വപ്ന തുല്യമായ ഒരു അവസ്ഥ സ്രുഷ്ടിക്കുന്നതിൽ നിന്നും ഈ രീതി സ്വീകരിക്കുന്ന എഴുത്തുക്കാർ അവതരിപ്പിച്ചിരുന്നത് സാധാരണ മനുഷ്യരേയും സമൂഹത്തേയുമാണു്. ഇത് വാസ്തവത്തിൽ യാഥാർത്ഥ്യവും കൽപ്പനയും തുല്യമായ രീതിയിൽ കൂടിചേരുന്ന ഒരു രച്നാവിശേഷമാണു്. കാൽപ്പനിക ലോകം വാസ്തവികമായ ഒരു ലോകത്തിൽ നിന്നും വളരെ വ്യത്യസ്ഥമാകുന്നില്ല. അവിശ്വസനീയമായ ഒന്ന് ഇല്ലെന്ന് മനസ്സിലാകുമ്പോൾ അവയെല്ലാം സ്ഥിരമായ അടിത്തറയിൽ നിൽക്കുന്നില്ലെന്നും മനസ്സിലാക്കാം. അതുകൊണ്ട് ഭ്രമഭാവനകൾ നിറഞ്ഞ് കൂടുമ്പോഴും അവയ്ക്കെല്ലാം ഒരു അസ്തിത്വം വായനക്കാരൻ കാണുന്നു. മാജിക്കൽ റിയലിസത്തെക്കുറിച്ച് പറയുന്നത് വിവരിക്കാൻ കഴിയുന്ന ഒന്ന് മാജിക്കൽ റിയലിസം അല്ലെന്നാണു്. പോസ്റ്റ് മോഡേണിസവും മാജിക്കൽ റിയലിസവും തമ്മിൽ പൊതുവായ ഒരു സ്വഭാവ വിശേഷമുണ്ട്. അവയിൽ പരാമർശിക്കപ്പെടുന്ന സംഗതികൾ ശാസ്ത്രീയമായ ഒരു വിവരണത്തിനു അസാദ്ധ്യമാണു്. അവ ഒരു മായിക നിഗമനത്തിൽ ഒതുങ്ങി പോകുന്നു.

മൂർച്ചയില്ലാത്ത ബ്ലേയ്ഡുകൾ
അവ കൊണ്ട് മുറിക്കപ്പെടുന്നത് **(അരുതേ ദുശ്ശാസനാ.. എന്ന കവിത പേജ് 11)**
രക്തമില്ലാത്ത തൊഴിലാളിയുടെ
ഒട്ടിയ ഞരമ്പുകൾ

മൂർച്ചയില്ലാത്ത ബ്ലേയ്ഡ്കൊണ്ട് മുറിയുക– ഇത്തരം വിവരണങ്ങൾ ആണു മായിക യാഥാർത്ഥ്യമായി വായനക്കാരനു തോന്നുന്നത്. മുറിക്ക്പ്പെടുന്നത് രക്തമില്ലാത്ത തൊഴിലാളിയുടെ ഒട്ടിയ ഞരമ്പുകളാണെന്ന്

പറയുമ്പോൾ വായനക്കാരൻ ആശയക്കുഴപ്പത്തിലാകുന്നു. മുറിയുമ്പോൾ ചോറയും പൊടിയുന്നു എന്ന വായനക്കാരൻെറ സങ്കൽപ്പത്തെ കവി കീഴ്മേൽ മറിക്കുന്നു..

ഫാൻറസ്റ്റിക്ക് ലിറ്ററേച്ചർ എന്നുദ്ദേശിക്കുന്നത് യാഥാർത്ഥ്യവുമായി നേരിയ ബന്ധം കാണിക്കുമ്പോൾ അവയെ കൂടുതൽ ഭാവ്നാത്മകമായി വീർപ്പിച്ച്കൊണ്ട് അവക്ക് ഒരു അസാധാരണത്വം കൈവരുത്തുക എന്നാണു. രക്തമില്ലാത്ത ഞരമ്പുകൾ എന്ന പറയുമ്പോൾ അവ ശരീരത്തിൽ പ്രവർത്തിക്കുന്നില്ലെന്ന ധ്വനി വരുന്നു. എന്നാൽ തൊഴിലാളികളുടെ അവസ്ഥയെപ്പറ്റി ചിന്തിക്കുമ്പോൾ മിക്കസമയവും പട്ടിണി കിടക്കുന്ന ആ മനുഷ്യരുടെ ഞരമ്പുകളിൽ ചോരയെങ്ങിനെ ഉണ്ടാകുമെന്ന് ചിന്തയും വരുന്നു കവി സ്രുഷ്ടിക്കുന്ന ലോകം യ്ഥാർത്ഥ്യമാണു. അത് ഭാരതമാണു്. അവിടത്തെ ജനങ്ങളുടെ ജീവിതരീതികളെ അതിശയോക്തിയോടെ ആവിഷ്ക്കരിക്കയാണു കവി. വായനക്കാരനു അത് മനസ്സിലാക്കാൻ അത്ര എളുപ്പ്മല്ലെങ്കിലും വിവരണത്തിലെ മായാജാലങ്ങളിലൂടെ കവി വായനക്കാരനു ഭാരതത്തിൻെറ ഒരു യഥാർത്ഥ ചിത്രം കാണിക്കുന്നു. വാസ്തവത്തിൽ വെറുതെ വിവരണാത്മകമായോ അല്ലെങ്കിൽ വെറുതെ കാൽപ്പനികമായോ എഴുതപ്പെടുന്ന സാഹിത്യത്തെക്കാൾ ആധുനികതയുടെ സംഭാവനയായ ചില "സംഗതികൾ" ചേർക്കുമ്പോൾ കവിതയുടെ ആസ്വാദക നിലവാരവും മൂല്യവും വർദ്ധിക്കുന്നു.

ഭാഷകൊണ്ട് വേർതിരിച്ച ഈ നാടിൻെറ
അതിർവരമ്പുകൾ
എൻെറ ഭ്രാന്തൻ തലയിലെ ശിരോലിഖിതങ്ങൾ
ഈ അക്ഷരങ്ങളുടെ വടിവുകൾ
എൻെറ ഭാവി ജീവിതത്തിൻെറ കൈരേഖകൾ

അരുത് ദുശ്ശാശനാ എന്ന കവിതയിൽ മാജിക്കൽ റിയലിസം, സർറിയലിസം, ഫാൻറസ്റ്റിക് ലിറ്ററേച്ചർ തുടങ്ങിയ ആധുനിക രചനതന്ത്രങ്ങൾ കവി ഉപയോഗിച്ചിട്ടുണ്ട്. കവിതയെഴുതുന്ന കാലത്ത് ഭാരതത്തിൻെറ സ്ഥിതി കൗരവ ഭരണം പോലെയായിരുന്നു. ഇപ്പോഴും അതിനു വ്യത്യാസമില്ല. നൂറു തിന്മകളും അഞ്ച് നന്മകളും തമ്മിലുള്ള പോരാട്ടം. നന്മ പുലർന്നിരുന്ന കാലത്തെ ഓർമ്മകളുടെ നെടുവീർപ്പുകളിലൂടെ കവിത പാടി വരുന്ന കവി തിന്മയുടെ കയ്യിൽ എത്തുന്ന രാജ്യത്തിൻെറ ശോചനീയാവസ്ഥ വിവരിക്കുന്നു.

രമ്യ ഹർമ്മങ്ങൾക്ക് മുകളിൽ
ചൂഷകസമ്പത്തിൻെറ
തിളങ്ങുന്ന താഴികക്കുടങ്ങൾ
ഇവിടെ കൊടികുത്തി വാഴുന്ന പെൺ വാണിഭങ്ങൾ
ഭോഗസംസ്കാരത്തിൻെറ പ്ലേഗ് ബാധകൾ

ദുശ്ശാശനൻ എന്ന വാക്കിൻെറ അർഥം ദു= ചീത്ത ശാസന : ഭരണാധികാരി. വളരെ അർത്ഥവത്തായ ശീർഷകങ്ങൾ കൊടുക്കുന്നത് ചില കവികളുടെ സവിശേഷതയാണു.ശ്രീ നമ്പിമഠത്തിൻെറ കവിതകളുടെ ശീർഷകങ്ങൽ എല്ലാം തന്നെ കവിതയ്ക്ക് അനുയോജ്യവും ചിന്താദ്യോതകവുമാണു. നന്മയുടെ ഭാഷ എപ്പോഴും സൗമ്യവും സുന്ദരവുമാണു്. "അരുതേ ദുശ്ശാസനാ.. എന്നാണു അരുത് ദുശ്ശാസന എന്നല്ല കവി എഴുതുന്നത്. പൊട്ടക്കണ്ണനായ ഒരു രാജാവിൻെറ മുന്നിലാണു് കുലീനയായ രാജകുമാരിയുടെ വസ്ത്രങ്ങൾ അഴിക്കപ്പെടുന്നത്. നഗ്നതയെകുറിച്ച് അന്ധനു എന്തറിയാമെന്ന് കവി തൻെറ വിവരണങ്ങളിലൂടെ വായനകാരനെ അറിയിക്കുന്നു. നമ്മുടെ ഭരണാധികാരികൾ അവരുടെ മണിമേടയിൽ സുഖമന്വേഷിക്കയല്ലാതെ രാജനീതിയിലും പ്രജാക്ഷേമതൽപരതയിലും ശ്രദ്ധാകുലരല്ല. അവരുടെ മുന്നിൽ നടക്കുന്നത് അവർ കാണുന്നില്ല. കേൾവി മാത്രമാണു അവരുടെ അറിവിൻെറ അടിസ്ഥാനം. അന്ധനായ ധ്രുത്രാഷ്ട്രർക്ക് പുത്രസ്നേഹമായിരുന്നു പ്രധാനം. അപ്പോൾ ഭരണം രാജാവ് എന്ന പദവിയോട് ന്യായം പുലർത്താതെയാണെന്ന് സ്പഷ്ടം. പ്രബുദ്ധരായ വായനക്കാർക്ക് വളരെ പരിചിതമായ ഒരു കഥയുടെ പശ്ചാത്തലം നൽകികൊണ്ട് അവിടത്തെ അവസ്ഥകളെ തീഷ്ണമായ പ്രതിമാനങ്ങളിലൂടെ ആവിഷകരിക്കുന്ന കവിയിൽ ധാർമ്മിക രോഷം ആളിപ്പടരുന്നുണ്ട്. അരുതേ എന്ന വിനയപൂർവ്വമായ

അപേക്ഷ തിന്മയുടെ ചെവിയിൽ എത്തുകയില്ല അതിനെ യുദ്ധംകൊണ്ടെ നശിപ്പിക്കാൻ കഴിയുകയുള്ളുവെന്ന് പക്ഷെ കവി വിശ്സിക്കുന്നില്ല. അത്കൊണ്ടാണു ഉടുത്തിരിക്കുന്ന വസ്ത്രമെങ്കിലും അഴിച്ചെടുക്കല്ലേ എന്നപേക്ഷിക്കുന്നത്. മഹാഭാരതകഥയുടെ സമാപ്തി യുദ്ധത്തിലും നാശത്തിലും എത്തിചേർന്നിട്ടും നന്മ പൂർണമായി ജയിച്ചില്ല എന്ന സന്ദേശവും ഈ കവിതയിലുണ്ട്. അത്കൊണ്ടല്ലേ ഇപ്പോഴും അവിടത്തെ മണ്ണു നാണം മറക്കാൻ തുണിക്ക് വേണ്ടി വിലപിക്കുന്നത്.

ഐതിഹ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് കവികൾ എഴുതീട്ടുണ്ട്. എന്നാൽ ശ്രീ നമ്പിമഠം ഭാരതത്തിലെ ഇതിഹാസ ഗ്രന്ഥങ്ങളിൽ ഒന്നായ മഹാഭാരതത്തിലെ വളരെ പ്രധാനമായ ഒരു സംഭവത്തിൻെറ സൂചന മാത്രമെ തരുന്നുള്ളു. ചില കവികൾ ചെയ്യുന്നപോലെ ഒരു താരതമ്യ പഠനത്തിനും മുതിരുന്നില്ല. എന്നാൽ ആധുനികകവിതകളിലേ സങ്കേതങ്ങൾ ഉപയോഗിച്ച് ഒരു രാഷ്ട്രത്തിൻെറ അധ:പതനം ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ ഉദ്ധരിക്കാൻ ശ്രമിച്ച പുരാണകഥകൾ അനുയോജ്യവും ശക്തവുമാണു്. എന്തു വരം വേണമെങ്കിലും ചോദിക്കു എന്ന അഹങ്കാരം മുഴുക്കിയെത്തുന്ന കാളിയോട് തൻെറ മരണം ഒരു ദിവസം മുന്നോട്ടൊ പുറകോട്ടൊ ആക്കി തരാൻ നാറാണത്ത് ഭ്രാന്തൻ ആവശ്യപ്പെട്ടു. എന്നാൽ കാളി അതിനു അശ്കതയായിരുന്നു. അവസാനം ഇടത്തെ കാലിലെ മന്ത് വലത്തെകാലിലേക്ക് മാറ്റാൻ മാത്രമേ കാളിക്ക് കഴിഞ്ഞുള്ളു. ഭാരതത്തിലെ ഭരണാധികാരികൾക്ക് നിലവിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുന്നില്ലെന്ന് പ്രസ്തുത കഥയിലൂടെ പറയുന്ന കവി അതിൻെറ ആധുനിക പ്രകാരഭേദം ഇങ്ങനെ വർണ്ണിക്കുന്നു. ക്ഷയം പിടിച്ചവൻെറ ശ്വാസകോശങ്ങളിൽ നിന്നുള്ള ഫലം പുറപ്പെടുവിക്കാത്ത വെറും ചുമകൾ.

ഭാവനയും ഐതിഹ്യവും ചേർത്ത് കവി സ്രുഷ്ടിക്കുന്ന ലോകം വായനക്കാരനു പരിചയമുണ്ടെങ്കിലും അവിടെ അരങ്ങേറുന്ന സംഭവവികാസങ്ങളുടെ തീഷ്ണത അവർക്കനുഭവപ്പെട്ടുകാണില്ല,. എല്ലാവരും കാര്യങ്ങളുടെ ഒരു വശം മാത്രം കാണുന്നത്കൊണ്ടാണത്. എന്നാൽ കവികൾ അവരുടെ വീക്ഷണങ്ങളിൽ നിന്ന് മൻസ്സിലാക്കിയ സംഗതികളുടെ സത്യ്വാസ്ഥ വായനക്കാരുടെ മുന്നിൽ അനാവരണം ചെയ്യുന്നു, അപ്പോൾ അവർ ഓരോരുത്തരും അവരുടെ ലോകങ്ങളുടെ സ്വാർഥ്തയിൽ സംത്രുപ്തരായിരിക്കുന്നതിനാലാണു ചുറ്റും നടക്കുന്ന സംഭവങ്ങളുടെ തീഷ്ണത അറിയാതിരുന്നത് എന്ന് മനസ്സിലാക്കുന്നു. അങ്ങനെ പോയാൽ ഒരു യുദ്ധം ഉണ്ടാകുമെന്നറിയുന്ന കവി തൻെറ കവിതയിലൂടെ വായനക്കാരുടെ ശ്രദ്ധ തിരിക്കുന്നു. യുദ്ധം വേണമെന്ന് കവി് ആഗ്രഹിക്കുന്നില്ല. എന്നാൽ ദുശ്ശാസനന്മാരുടെ (ചീത്ത ഭരണാധികാരികളുടെ) ഭരണത്തിൽ നിന്നും തിന്മകൾ കൊയ്ത് പ്രഭുക്കളാകുന്നവർ ഒരിക്കൽ കുരുക്ഷേത്ര യുദ്ധത്തിൽ മരിച്ച് വീഴുമെന്ന് ദീർഘദർശനം ചെയ്യുന്ന കവി "അരുതേ" എന്ന അപേക്ഷയോടെ കവിത അവസാനിപ്പിക്കുന്നു.

ശുഭം